പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3272** **16.12. 2015-** ലെ മറുപടി

**നോർക്ക സാന്ത്വനപദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) നോർക്ക സാന്ത്വനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി)എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി)തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള തിരികെയെത്തിയ പ്രവാസി മലയാളികളുടെ/ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000/- രൂപ വരെയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപവരെയും, തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപ വരെയും, പ്രവാസിയ്ക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000/- രൂപ വരെയും ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം നൽകി വരുന്നുണ്ട്. നാളിതുവരെ സാന്ത്വന പദ്ധതിയിൽ നിന്നും 8261 പേർക്കായി 25,71,54,267/- രൂപ അനുവദിച്ചിട്ടുണ്ട്. |
| സി)പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) ഭരണതലത്തിൽ പദ്ധതിയുടെ നടത്തിപ്പിലേക്കായി വർഷാവർഷം നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ